<u>**15 -ാം കേരള നിയമസഭ**</u>

<u>**14 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2689**</u> <u>**06-10-2025 - ൽ മറുപടിയ്ക്ക്**</u>

<u>**കയർ മേഖലയുടെ ഉന്നമനം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കയർ മേഖലയുടെ ഉന്നമനത്തിനായി രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്മേൽ തുടർ നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | സംസ്ഥാനത്ത് കയർ മേഖലയുടെ ഉന്നമനത്തിനായി രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## കയർ വിദഗ്ധസമിതി റിപ്പോർട്ടിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ

| ക്രമ നം. | സമിതിയുടെ ശിപാർശ | സ്വീകരിച്ച നടപടികൾ |
|---|---|---|
| 1. | കയർ മേഖലയിലെ എല്ലാ സർക്കാർ സംരംഭങ്ങളും തമ്മിൽ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ആവശ്യമാണ്. കഴിയുന്നതും ഇത്തരം സർക്കാർ ഏജൻസികളെ ഏക ഭരണസമിതിക്കു കീഴിൽ കൊണ്ടുവന്നു പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചാൽ കയർ മേഖലയ്ക്ക് സർക്കാർ നൽകുന്ന സഹായങ്ങൾ ഉപകാരപ്രദമായും ഫലപ്രദമായും ഉപയോഗിക്കാൻ കഴിയും. ഈ ഏകഭരണസമിതിയിൽ നിലവിലെ സ്ഥാപനങ്ങളിലെ ചെയർമാന്മാരും, ഡിസിഡി, ഫിനാൻസ് മെമ്പർ തുടങ്ങിയവരും താഴെപ്പറയുന്ന മേഖലകളിൽ പ്രാവീണ്യമുള്ള സ്വതന്ത്ര ഡയറക്ടർമാർ ഉള്ളതും ഉചിതമായിരിക്കും.<br>എ) കയറും, കയർ ഉൽപ്പന്നങ്ങളും.<br>ബി) ടെക്സ്റ്റൈൽ വിദഗ്ധൻ.<br>സി) ബിസിനസ്സ് മാനേജ്മെന്റ്.<br>ഡി) അന്തർ ദേശീയ ബിസിനസ്സ്/കയറ്റുമതി.<br>ഇ) മാർക്കറ്റിംഗ്. | നിലവിൽ കയർ വികസന ഡയറക്ടറുടെ നേതൃത്വത്തിൽ ഈ മേഖലയിലെ എല്ലാ സ്ഥാപനങ്ങളെയും ഫലപ്രദമായി ഏകോപിപ്പിച്ച് കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇത്തരത്തിൽ പ്രവർത്തനം ഏകോപിപ്പിച്ചതിന്റെ ഭാഗമായി കെട്ടികിടന്നിരുന്ന കയർ വിറ്റഴിക്കുവാനും, അതുവഴി വാടക ഗോഡൗണുകളെ ഒഴിപ്പിക്കുവാനും സാധിച്ചു. ഇതിൽ കയർഫെഡിന്റെ 24 ഗോഡൗണും, കയർ കോർപ്പറേഷന്റെ 6 ഗോഡൗണും ഉൾപ്പെടുന്നു. ഇതോടൊപ്പം ഗുണനിലവാരമുള്ള ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി രൂപീകരിച്ച ഫൈബർ ബാങ്ക്, കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വില സമയബന്ധിതമായി നൽകുന്നതിനായി വിഭാവനം ചെയ്ത റിവോൾവിംഗ് ഫണ്ട്, ചകിരി-കയർ വില നിർണ്ണയ സമിതി എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും കയർ വികസന ഡയറക്ടറാണ്. കയർ കോർപ്പറേഷനും, ഫോംമാറ്റിംഗ്സും തമ്മിലുള്ള ലയനം സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഈ പ്രവർത്തനങ്ങളിലൂടെ കയർ |

| | | |
|---|---|---|
| | | മേഖലയിലെ ഏകോപനം ഉറപ്പുവരുത്തുന്നു. |
| 2. | ചകിരി ഉൽപ്പാദനത്തിലും കയർപിരി മേഖലയിലും ഉൽപ്പന്നത്തിന്റെ ഗുണമേന്മ ഉറപ്പാക്കേണ്ടതുണ്ട്. ചകിരിയുടെ വിലയിൽ ഉണ്ടാകുന്ന വ്യത്യാസത്തിന് ആനുപാതികമായി സബ്സിഡി നൽകുന്നതിനെ കുറിച്ചും ആലോചിക്കാവുന്നതാണ്. | തമിഴ്നാട് ഉൾപ്പെടെയുള്ള അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കാതെ, കേരളത്തിലെ കയർ സംഘങ്ങൾക്ക് ആവശ്യമായ അളവിൽ ഗുണനിലവാരമുള്ള ചകിരി യഥാസമയം ലഭ്യമാക്കുന്നതിനു വേണ്ടി **Fibre Bank** എന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനായി സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നും ഒരു നിശ്ചിത തുക കയർ ഡയറക്ടറുടെയും, കയർഫെഡ് എം.ഡിയുടെയും ഒരു സംയുക്ത അക്കൗണ്ടിലേക്ക് നൽകുന്നു. ചകിരിയുടെ ആവശ്യകത സംബന്ധിച്ച് കയർഫെഡും, കയർ കോർപ്പറേഷനും നൽകുന്ന റിപ്പോർട്ട് അനുസരിച്ച് പ്രത്യേകമായി രൂപീകരിച്ചിട്ടുള്ള Fibre Procurement Committee അവശ്യം വേണ്ട അളവ് ചകിരി വർഷത്തിൽ രണ്ട് തവണ 6 മാസത്തെ ഇടവേളയിൽ tender നടപടിക്രമത്തിലൂടെ വാങ്ങുന്നതാണ്. National Coir Research & Management Institute (NCRMI) യുടെ സഹായത്തോടെ ഗുണ നിലവാരം ഉറപ്പാക്കി, കയർസംഘങ്ങൾക്ക് ആവശ്യമായ അളവിൽ ചകിരി യഥാസമയം നൽകാൻ കയർഫെഡിന് സാധിക്കുന്നതാണ്. ഇതിനായി 5 കോടി രൂപയുടെ ഭരണാനുമതിയും പദ്ധതി ആരംഭത്തിനായി 1.25 കോടി രൂപയുടെ |

| | | |
|---|---|---|
| | | ധനാനുമതിയും നൽകിയിട്ടുണ്ട്. ഇതോടൊപ്പം തന്നെ ചകിരിയുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനു ഗുണമേന്മയുള്ള തൊണ്ട് സംഭരിക്കേണ്ടത് അനിവാര്യമാണ്. ഇതിനായി കയർ കൺസോർഷ്യം, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നിവയുടെ മേൽ നോട്ടത്തിൽ വീടുകളിൽ നിന്ന് നേരിട്ട് തൊണ്ട് ശേഖരിക്കുന്നതിനുള്ള പദ്ധതിയും സർക്കാരിന്റെ പരിഗണനയിലാണ്. |
| 3. | കയർ സഹകരണ സംഘങ്ങൾ സ്വന്തം നിലയിൽ കയറിനു മാർക്കറ്റ് കണ്ടെത്തി, കയർഫെഡ് മുഖാന്തിരം വിപണനം നടത്തുന്ന സാഹചര്യം ഉണ്ടെങ്കിൽ അങ്ങനെ നടത്തുന്ന വ്യാപാരത്തിൽ നിന്ന് പ്രസ്തുത സംഘത്തിന് കയറിന്റെ വില അപ്പോൾ തന്നെ നൽകേണ്ടതാണ്. സ്വന്തമായി ഇങ്ങനെ പുതിയ മാർക്കറ്റ് കണ്ടെത്തുന്ന സംഘങ്ങൾക്ക് ഒരു പ്രോത്സാഹന ഇൻസെന്റീവ് നൽകുന്നതിനെ കുറിച്ച് ആലോചിക്കാവുന്നതാണ് . | കയർപിരി സംഘങ്ങൾക്ക് കയർ വിലയും കയർ ഉല്പന്ന നിർമ്മാണ സംഘങ്ങൾക്ക് ഉല്പന്ന വിലയും യഥാസമയം നൽകുന്നതിനായി 10 കോടി രൂപയുടെ "Revolving Fund" ന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലൂടെ കയർ വില സംഘങ്ങൾക്ക് സമയബന്ധിതമായി നൽകാൻ കഴിയും. |
| 4. | ASM- ൽ തൊഴിലാളികൾക്കു ലഭിക്കുന്ന പരിശീലനം പര്യാപ്തമല്ല. അത് പുനർ വിചിന്തനം ചെയ്യണം. കെ. എസ്. സി. എം. എം. സി-യേയോ, എൻ സി ആർ എം ഐ-യേയോ പരിശീലനത്തിന് ഏർപ്പെടുത്താവുന്നതാണ് . | യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി സ്ഥാപിച്ച മെഷിനുകളുടെ Annual Maintenance Contract ചെയ്യുന്ന ഉത്തരവാദിത്വം മെഷിനറി കമ്പനിക്ക് നൽകുകയും സർക്കാർ അതിന്റെ ചെലവ് വഹിക്കുകയും ചെയ്യുന്നു. മെഷിനറി കമ്പനി ഇതുവരെ 465 ASM കൾ റിപ്പയർ ചെയ്തു |

| | | |
|---|---|---|
| | | കഴിഞ്ഞു. ഈ മെഷീനുകളിൽ തൊഴിലെടുക്കുന്നവർക്ക് ആവശ്യമായ പരിശീലനവും, അറ്റകുറ്റപ്പണി ചെയ്യുന്നതിനോടൊപ്പം നൽകി വരുന്നു. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 450 പേർക്ക് കയർമെഷിനറി കമ്പനി ASM കളിൽ ട്രെയിനിംഗ് നൽകി കഴിഞ്ഞു. കയർ സഹകരണ സംഘങ്ങളിലെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി സംഘം തൊഴിലാളികളുടെ തൊഴിൽ നൈപുണ്യ വികസനത്തിന്റെ ഭാഗമായി NCRMI ഇലക്ട്രോണിക്ക് റാട്ടുകളിലും ഓട്ടോമാറ്റിക്ക് സ്പിന്നിങ്ങ് മെഷിനുകളിലും ഫ്രെയിം മാറ്റുകളിലും തൊഴിൽ പരിശീലനം നൽകി വരുന്നു. ഇതിനോടകം തന്നെ ഇലക്ട്രോണിക്ക് റാട്ടിൽ 20 വനിത തൊഴിലാളികളടങ്ങുന്ന 56 ബാച്ചുകളിലായി 1120 പേർക്കും, ഓട്ടോമാറ്റിക്ക് സ്പിന്നിങ്ങ് മെഷീനിൽ 10 വനിത തൊഴിലാളികളടങ്ങുന്ന 177 ബാച്ചുകളിലായി 1770 പേർക്കും ഫ്രെയിംമാറ്റ് നിർമ്മാണ പരിശീലനത്തിന്റെ ഭാഗമായി 8 ബാച്ചുകളിലായി 80 സ്ത്രീ തൊഴിലാളികൾക്കും പരിശീലനം നൽകിയിട്ടുണ്ട്. |
| 5. | മാർക്കറ്റിൽ ഡിമാന്റുള്ള ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. വിപണിയെ കുറിച്ചുള്ള പഠനം, അതിനെ ആസ്പദമാക്കിയുള്ള ഉൽപ്പന്നവും, | മാർക്കറ്റിൽ ഡിമാന്റുള്ള ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ National Institute of Design (NID) ഭോപ്പാലുമായി ചേർന്ന് കയർ മേഖലയിലെ ഡിസൈൻ |

| | | |
|---|---|---|
| | ഉൽപ്പാദനവും, തുടർന്നുള്ള വിപണനവും പെർഫോമൻസ് ആഡിറ്റിൽ ഉൾപ്പെട്ടുത്തേണ്ടതാണ്. | വൈവിധ്യവത്ക്കരണത്തിനും പരിശീലനത്തിനുമായിട്ടുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 450 തൊഴിലാളികളുടെ പരിശീലനം പൂർത്തിയാക്കി. |
| 6. | വിദഗ്ധ സമിതിയുടെ ഇടക്കാല റിപ്പോർട്ട് പ്രകാരം സർക്കാർ ധനസഹായത്തോടെ കയർ കോർപ്പറേഷൻ മുഖാന്തിരം നൽകി വരുന്ന ട്രെയിനിംഗ് പൂർത്തീകരിച്ച കയർ തൊഴിലാളികളുടെ കൂട്ടായ്മകൾക്ക് ഡോർമെന്റായ സംഘങ്ങളുടെ സ്ഥലം ലീസ് വ്യവസ്ഥയിൽ നൽകി ഉൽപ്പന്ന നിർമ്മാണം പ്രോത്സാഹിപ്പിക്കാവുന്നതാണ്. | പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന 500 ക്രാഫ്റ്റ്സ്മാൻമാർക്കുള്ള ട്രെയിനിങ് പ്രോഗ്രാമിൽ 450 പേരുടെ പരിശീലനം കയർ കോർപ്പറേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. പരിശീലനം പൂർത്തിയാക്കിയവരുടെ തൊഴിൽ ഉറപ്പ് വരുത്തുന്നതിനായി പരിശീലനം ലഭിച്ച തൊഴിലാളികളെ ഉൾപ്പെടുത്തി ഒരു കയർ ഉൽപ്പന്ന സംഘം (Alleppey Small Scale Coir Workers Co-Operative Society) കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ പിന്തുണയോടുകൂടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ പരിശീലനം പൂർത്തിയാക്കിയ തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങളും തൊഴിലും ഉറപ്പ വരുത്തുന്നതിനായി ഒരു കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ ആരംഭിക്കുന്നതിന് 99.15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 7. | ചകിരി ഉൽപ്പാദന മേഖലയിലും, കയർപിരി മേഖലയിലും സർക്കാർ നിശ്ചയിച്ച അടിസ്ഥാന കൂലി തൊഴിലാളികൾക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പാക്കുന്നതിലേക്കായി | കയർപിരി മേഖലയിലെ 14061 തൊഴിലാളികൾക്ക് സർക്കാർ ധനസഹായമായ ഇൻകം സപ്പോർട്ട് സ്കീം, ആധാർ അധിഷ്ഠിത ബാങ്ക് അക്കൗണ്ട് വഴി നൽകി വരുന്നു. മാറ്റ്സ് |

| | | |
|---|---|---|
| | തൊഴിലാളികളുടെ എല്ലാ ഇടപാടുകളും ബാങ്ക് അക്കൗണ്ട് വഴി ആക്കണം. | & മാറ്റിംഗ്സ് സൊസൈറ്റികൾ, സ്മോൾ സ്കെയിൽ സൊസൈറ്റികൾ എന്നിവയുടെ ശമ്പളവും, മറ്റ് ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകി വരുന്നത്. |
| 8. | കയർ ക്ഷേമനിധി ബോർഡ് വഴി ചകിരി ഉൽപ്പാദന മേഖലയിലും, കയർപിരി മേഖലയിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് നടപ്പിലാക്കാവുന്നതാണ്. ഇതിനുള്ള ഫണ്ട് സർക്കാർ നൽകുന്നത് ഉചിതമായിരിക്കും. | ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ (എ എസ് എം), ഡീഫൈബറിംഗ് യൂണിറ്റ് (ഡി എഫ്) എന്നീ യന്ത്രവൽകൃത കയർ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ആക്സിഡന്റ് ഇൻഷ്വറൻസും ആശുപത്രി ചികിത്സയും നൽകുന്ന ഒരു ഇൻഷ്വറൻസ് പദ്ധതി 1000 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിക്കൊണ്ട് 2025 ആഗസ്റ്റ് മാസം നടപ്പിലാക്കി. ഈ പദ്ധതി പ്രകാരം തൊഴിലിടങ്ങളിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് ആശുപത്രി ചെലവായി 1 ലക്ഷം രൂപയുടെ ക്യാഷ് ലെസ്സ് സൗകര്യവും,പൂർണ്ണമായോ ഭാഗികമായോ ഉള്ള അംഗവൈകല്യം,മരണം എന്നിവ സംഭവിച്ചാൽ 3 ലക്ഷം രൂപയുടെ പരിരക്ഷയും ലഭിക്കുന്നു. കൂടാതെ, കയർ ക്ഷേമനിധി ബോർഡ് വഴി കയർ തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് നടപ്പിലാക്കുന്നതിനായി 17.40 ലക്ഷം രൂപയുടെ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |
| 9. | ASM മെഷീൻ-ൽ വിവിധ റേഞ്ചിൽ ഉള്ള കയർ പിരിക്കാൻ ഉള്ള സംവിധാനം വികസിപ്പിക്കണം. ഇതിനുള്ള ഗവേഷണ/വികസന | ക്ലസ്റ്റർ ഡവലപ്മെന്റ് സൊസൈറ്റിയുടെ പൈലറ്റ് സ്കെയിൽ സ്പിന്നിങ് യൂണിറ്റ് വിപുലീകരിക്കുന്നതിനായുള്ള പദ്ധതിക്ക് നടപ്പ് സാമ്പത്തിക വർഷം 30,32,000/- |

| | | |
|---|---|---|
| | പ്രവർത്തനങ്ങൾ NCRMI/KSCMMC ഏകോപിപ്പിക്കേണ്ടതാണ് .<br><br>NCRMI-ലെ അഡ്മിനിസ്ട്രേറ്റീവ്/സയന്റിസ്റ്റ് അനുപാതം പുനർ നിർണ്ണയിച്ച് പ്രായോഗിക ഗവേഷണത്തിന് മുൻതൂക്കം നൽകേണ്ടിയിരിക്കുന്നു. | (മുപ്പത് ലക്ഷത്തി മുപ്പത്തിരണ്ടായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 10 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ എം എസ് ഇ- സി ഡി പി പദ്ധതിയിലൂടെ നൽകുന്ന സഹായവും പ്രയോജനപ്പെടുത്താവുന്നതാണ്. ഇത്തരത്തിൽ വിവിധ റേഞ്ചിലുള്ള കയർ പിരിയ്ക്കുന്നതിനുള്ള മെഷീനുകൾ ഉൾപ്പെടുത്തി കൂടുതൽ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നത് സർക്കാർ പരിശോധിച്ച് വരികയാണ്. ഗവേഷണരംഗത്ത് പരിചയ സമ്പത്തുള്ള വ്യക്തികളുടെ അഭാവം പരിഹരിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ച് വരുന്നു. ഇതിലൂടെ NCRMI യിൽ ഗവേഷണത്തിന് കൂടുതൽ സാധ്യതകൾ പ്രയോജനപ്പെടുത്താൻ സാധിക്കും. |
| 10. | മാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്ക് ഒരു ഫണ്ട് വകയിരുത്തുന്നത് അനിവാര്യമാണ്. വാർഷിക ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ ഈ മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദമായ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. | ഈ സർക്കാരിന്റെ കാലത്ത് മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് 27 കോടി രൂപയും മാർക്കറ്റ് ഡവലെപ്പ്മെന്റ് അസിസ്റ്റന്റ് പദ്ധതിക്ക് സംസ്ഥാന വിഹിതമായി 46 കോടി രൂപയും വകയിരുത്തിയിരുന്നു. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ അന്താരാഷ്ട്ര ആഭ്യന്തര തലത്തിൽ നടത്തുന്ന വിവിധ പ്രദർശന മേളകളിൽ പങ്കെടുക്കുന്നുണ്ട്. 2024 ൽ ഡൽഹിയിൽ വെച്ച് നടത്തപ്പെട്ട India International Trade Fair ൽ Best Exhibitor |

| | | |
|---|---|---|
| | | പുരസ്കാരം കയർ വകുപ്പിന് ലഭിച്ചു. |
| 11. | ചെറുകിട ഉൽപ്പാദകരേയും, കയർ സംഘങ്ങളെയും വൈവിധ്യവത്ക്കരിക്കുന്നതിനും, നൂതനമായ ഉൽപ്പന്നങ്ങളും, ഡിസൈനുകളും വികസിപ്പിക്കുന്നതിനുമായി NCRMI-യ്ക്ക് കീഴിൽ ഒരു ഡിസൈൻ വിഭാഗം തുടങ്ങുന്നത് നന്നായിരിക്കും.<br><br>NCRMI-യിലെ ഗവേഷണ സാധ്യതകൾ കേരളത്തിലെ കയർ മേഖല ഉപയോഗപ്പെടുത്തുന്നില്ല. അത് പ്രാവർത്തികമാക്കേണ്ടിയിരിക്കുന്നു. | നിലവിൽ കയർ കോർപ്പറേഷൻ NID യുമായി ചേർന്ന് നൂതന ഡിസൈനിലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകി വരുന്നു.<br><br>NCRMI ഇകോ-കയർ ബാഗുകൾ, പീറ്റ് കോൾ ഡോട്സ്, ടെൻഡർ കോക്കനട്ട് ക്രഷർ എന്നീ നൂതന ഉത്പന്നങ്ങൾ വികസിപ്പിച്ചു. പ്രസ്തുത ഗവേഷണ ഉത്പന്നങ്ങളുടെ ഉല്പാദന വിപണനത്തിനുള്ള സാങ്കേതിക വിദ്യ വ്യാവസായിക അടിസ്ഥാനത്തിൽ കൈമാറുകയും ചെയ്തു. കയർ രംഗത്തെ സ്ഥാപനങ്ങൾക്കൊപ്പം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംഘങ്ങളും ഈ സാങ്കേതിക വിദ്യയുടെ ഗുണഭോക്താക്കളായി മാറിയിട്ടുണ്ട്. ഇതോടൊപ്പം കയർ ഡിവൈഡർ, എയർ ഫ്രഷ്നെർ, കോകോ നർച്ചർ, റണ്ണേജ് മീറ്റർ, ടൈക്കോ പിത്ത് പ്രോ എന്നിവ വികസിപ്പിക്കുകയുണ്ടായി. പ്രശസ്ത കോർപ്പറേറ്റ് സ്ഥാപനമായ ഏണസ്റ്റ്&യങ്ങുമായി സഹകരിച്ച് NCRMI യുടെ ഗവേഷണ ഉൽപ്പന്നമായ കയർ ഗ്രോ ബാഗ് നിർമിക്കുന്നതിനുള്ള സാങ്കേതിക വിദ്യ 2000 ഏണസ്റ്റ്&യങ് ഉദ്യോഗസ്ഥർക്ക് നൽകുകയുണ്ടായി. അതോടൊപ്പം അവർ നിർമിക്കുന്ന ഉത്പന്നങ്ങൾ CSR ഫണ്ട് വഴി മാർക്കറ്റ് ചെയ്യുന്നതിനുള്ള പ്രൊജക്റ്റ് NCRMI |

| | | |
|---|---|---|
| | | ആരംഭിച്ചു കഴിഞ്ഞു. കയർ തൊഴിലാളികൾക്ക് വേണ്ടി NCRMI ഇലക്ട്രോണിക് റാട്ടുകളിലും, ഓട്ടോമാറ്റിക് സ്പിന്നിങ് മെഷീനുകളിലും, ഫ്രെയിം മാറ്റുകളിലും പരിശീലനം നൽകി വരുന്നു. |
| 12. | യന്ത്രനിർമ്മാണ കമ്പനി നൽകിയ യന്ത്രങ്ങൾ മുഴുവൻ പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കാൻ യന്ത്രനിർമ്മാണ കമ്പനിയോ/കയർ വകുപ്പോ/NCRMI യോ നടപടികൾ സ്വീകരിക്കണം .<br>വിവിധതരം കയർ പിരിക്കാനും വിവിധ റണ്ണേജിൽ പിരിക്കാനും ഉള്ള സംവിധാനം വികസിപ്പിക്കണം. ഇതിനായി ASM മെഷീൻ നവീകരിക്കേണ്ടതുണ്ട്. ഇതിനുള്ള R&D ഏറ്റെടുക്കുവാൻ കഴിയണം. | 750 Automatic Spinning Machine കളുടെ Maintenance ചെയ്യാൻ സർക്കാർ അംഗീകാരം നൽകി. ഇതിൽ 465 എണ്ണം ഇതുവരെ Maintenance ചെയ്തു. ഇതുവഴി നിലവിൽ 30-50 Kg – 140 (റണ്ണേജ്) ആയിരുന്ന കയർ ഉല്പാദനവും റണ്ണേജും 50-65 Kg – 160 (റണ്ണേജ്) – വരെ ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനായി 2024-25 സാമ്പത്തിക വർഷം 1.47 കോടി രൂപയും, 2025-26 സാമ്പത്തിക വർഷം 2.6 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഡിഫൈബറിംഗ് മെഷിനുകളുടെ നവീകരണത്തിനായി ഈ സാമ്പത്തിക വർഷം 1.18 കോടി രൂപ അനുവദിച്ചു. |
| 13. | കയർ ഉത്പന്നങ്ങളുടെ വ്യാപാരത്തിനായി ഒരു മാർക്കറ്റ് കൺസൾട്ടന്റ്/ഏജന്റ്-നെ കമ്മീഷൻ വ്യവസ്ഥയിൽ ഭരണസമിതിക്കു കീഴിൽ നിയമിക്കാവുന്നതാണ്.<br>കാലോചിതമായ മാർക്കറ്റിംഗ് തന്ത്രങ്ങൾ പരീക്ഷിക്കേണ്ടിയിരിക്കുന്നു. | നിലവിൽ കയർ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖല സ്ഥാപനങ്ങളായ കയർ കോർപ്പറേഷൻ, ഫോമിൽ, കയർ സൊസൈറ്റികളുടെ അപ്പക്സ് സ്ഥാപനമായ കയർഫെഡ് എന്നിവയാണ് ഉല്പന്നങ്ങളുടെ വ്യാപാരം നടത്തുന്നത്. ഇവർക്കെല്ലാം ആഭ്യന്തര വിദേശ വിപണിയിൽ വിപണനം നടത്തുന്നതിനാവശ്യമായ മാർക്കറ്റിംഗ് സംവിധാനങ്ങളും ഉണ്ട്. കാലോചിതമായ മാർക്കറ്റിംഗ് തന്ത്രങ്ങൾ ആവിഷ്കരിച്ചതിന്റെ ഭാഗമായി ആഭ്യന്തര |

| | | |
|---|---|---|
| | | വിദേശ മാർക്കറ്റുകളിൽ കയറിനും കയറുൽപന്നങ്ങൾക്കും വിപണി കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി Amazon, Pepper Fry, India Mart, Sams Club, Kshoppe, Walmart എന്നീ ഓൺലൈൻ ഫ്ലാറ്റ്ഫോമുകളിൽ വിപണനം നടത്തി വരുന്നു. കയർ ഉത്പ്പന്നങ്ങളുടെ വിപണനത്തിനായി ലുലു മാളിൽ കയർ കോർപ്പറേഷന്റെ ഷോറൂം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ വിദേശ രാജ്യങ്ങളായ USA, UK, Australia, Brasil, Italy, Polland, France, Middle East, Venezula എന്നിവിടങ്ങളിലേക്ക് കയറുത്പ്പന്നങ്ങളും കയർ മേഖലയ്ക്ക് ആവശ്യമായ യന്ത്ര സാമഗ്രികളും കയറ്റുമതി ചെയ്തു വരുന്നു. |
| 14. | കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനവും, സർക്കാരിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളുടെ കാര്യക്ഷമമായ വിനിയോഗവും ഉറപ്പാക്കുന്നതിലേയ്ക്കായി ഒരു ത്രിതല ആഡിറ്റ് താഴെപ്പറയും പ്രകാരം നടത്തേണ്ടതാണ്.<br>(എ) സംഘം തനതായി, സ്വതന്ത്ര ആഡിറ്ററെവെച്ച് നടത്തുന്ന ആഡിറ്റ്.<br>(ബി) കയർ ഡയറക്ടറേറ്റ് നേരിട്ട് നടത്തുന്ന ആഡിറ്റ്, ഇത് ഒരു സ്വതന്ത്ര ആഡിറ്ററെ കൊണ്ട് നടത്തുന്നതും ആലോചിക്കാവുന്നതാണ്. | നിലവിൽ കയർ വകുപ്പിന് കീഴിലുള്ള സഹകരണ സംഘങ്ങളിൽ രണ്ടുതലത്തിൽ ഓഡിറ്റ് നടന്നു വരുന്നുണ്ട്.<br>1. സഹകരണ നിയമപ്രകാരമുള്ള സഹകരണ വകുപ്പിന്റെ ഓഡിറ്റ്.<br>2. അതത് ജില്ലകളിലെ പ്രോജക്ട് ഓഫീസർമാരുടെ നേതൃത്വത്തിൽ കയർ ഇൻസ്പെക്ടർമാർ നടത്തുന്ന സ്റ്റോക്ക് വേരിഫിക്കേഷൻ ഉൾപ്പെടെയുള്ള പരിശോധന. |

| | | |
|---|---|---|
| | (സി) സർക്കാർ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന ആഡിറ്റ്. | |
| 15. | കയർ മേഖലയിലെ സർക്കാർ സ്ഥാപനങ്ങളിൽ, ജോലി ഭാരത്തിന്റെ അടിസ്ഥാനത്തിൽ പുനർവിന്യാസം ആലോചിക്കാവുന്നതാണ്. | കയർമേഖലയിലെ സർക്കാർ സ്ഥാപനങ്ങളിൽ ജോലിഭാരത്തിന്റെ അടിസ്ഥാനത്തിൽ പുനർവിന്യാസം നടത്തി വരുന്നു. നിലവിൽ കയർ വികസന വകുപ്പിലെ ഉദ്യോഗസ്ഥരെ കൂടി പുനർവിന്യസിച്ചാണ് വ്യവസായ വകുപ്പിന്റെ കീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുള്ളത്. |
| 16. | വേതനവും ഉൽപ്പാദനവും തമ്മിൽ ബന്ധപ്പെടുത്തിയല്ല എങ്കിൽ ഉൽപ്പന്ന വില കൂടാനും തത്ഫലമായി വ്യവസായം തന്നെ അയൽ സംസ്ഥാനങ്ങളിലേക്ക് പോകുവാനും സാധ്യതയുണ്ട്, ആയതിനാൽ സർക്കാരിന്റെ അടിയന്തിര ശ്രദ്ധ ഇതിൽ പതിയണം . | വിപണി വ്യതിയാനങ്ങൾക്ക് അനുസരിച്ച് കാലാനുസൃതമായി ചകിരി, കയർ വില പുന:ക്രമീകരിക്കുന്നതിന് കയർഫെഡ് പ്രസിഡണ്ട് ചെയർമാനായും, കയർ വിദഗ്ധ സമിതി അംഗം, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രതിനിധി എന്നിവർ അംഗങ്ങളായും ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി മൂന്ന് മാസത്തിൽ ഒരിക്കൽ ചേർന്ന് വില നിർണ്ണയിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം കയർവില നിർണ്ണയ കമ്മിറ്റി 2 തവണ തീരുമാനം കൈക്കൊണ്ടിട്ടുണ്ട് |
| 17. | കയർ ക്ഷേമനിധിയിൽ കയർ മേഖലയിൽ പണിയെടുക്കാത്തവരും അംഗങ്ങൾ ആണ് എന്ന പരാതി പരിശോധിച്ച് കയർ മേഖലയിലെ അർഹരായ തൊഴിലാളികൾ മാത്രം കയർ ക്ഷേമനിധിയിൽ ഉള്ളു എന്ന് ഉറപ്പ് വരുത്തണം | സംസ്ഥാനത്ത് കയർ മേഖലയിൽ നിലവിൽ പണിയെടുക്കുന്ന മുഴുവൻ തൊഴിലാളികളുടെയും സെൻസസ് പൂർത്തീകരിച്ചിട്ടുണ്ട്. സെൻസസ് റിപ്പോർട്ട് പ്രകാരം ആകെ 20783 തൊഴിലാളികൾ നിലവിൽ ഉണ്ട്. ഇതിൽ 14061 തൊഴിലാളികൾക്ക് 2024-25 സാമ്പത്തിക വർഷം ഇൻകം സപ്പോർട്ട് |

| | | |
|---|---|---|
| | | ലഭിച്ചിട്ടുണ്ട്. |
| 18. | മൂന്നോ നാലോ സൊസൈറ്റികളിൽ പിരിക്കുന്ന കയർ, കയർ പ്രോജക്റ്റ് ഓഫീസറുടെ നേതൃത്വത്തിൽ ഗുണനിലവാരം ഉറപ്പുവരുത്തി ഒരു സൊസൈറ്റിയിൽ സൂക്ഷിക്കുവാനുള്ള സമ്പ്രദായം ആലോചിക്കാവുന്നതാണ് . | സംഘങ്ങൾക്ക് ഗോഡൗൺ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ ധനസഹായം വകുപ്പ് നൽകി വരുന്നുണ്ട്. |
| 19. | സർക്കാരിൽ നിന്നും സഹകരണ സംഘങ്ങൾ കൈപ്പറ്റുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതിലേക്കായി സ്വതന്ത്ര പെർഫോർമൻസ് ആഡിറ്റ് അടിസ്ഥാനമാക്കുന്നത് ഉചിതമായിരിക്കും. പെർഫോർമൻസ് ആഡിറ്റ് ഭരണസമിതിക്ക് തീരുമാനം എടുക്കാവുന്നതാണ്. | കയർ മേഖല പരമ്പരാഗത മേഖല ആയതിനാൽ സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങൾ പെർഫോമൻസ് ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ നൽകുക അപ്രായോഗികമാണ്. |
| 20. | • കയർക്ഷേമനിധിക്ക് തൊഴിലാളി അംഗങ്ങളുടെ ആനുകൂല്യങ്ങൾ നൽകുന്നതിന് ഫണ്ടിന്റെ പരിമിതികൾ ഉള്ളത് പരിഹരിക്കാനായി കയറ്റുമതിക്കാരുടെ വിഹിതം ലഭ്യമാക്കുന്നതിലേയ്ക്കായി നിലവിലെ സ്റ്റേ ഓർഡർ രമ്യമായി പരിഹരിക്കാനുള്ള ശ്രമം സർക്കാർ ഭാഗത്ത് നിന്ന് ഉണ്ടാകുന്നത് ഉചിതമായിരിക്കും.<br><br>• കയർ തൊഴിലാളി പെൻഷൻ | • കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് അധിക വരുമാനം സൃഷ്ടിക്കുന്നതിനായുള്ള കയർ തൊഴിലാളി ക്ഷേമ സെസ്സ് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇതുമായി ബന്ധപ്പെട്ടുള്ള ബഹു. ഹൈക്കോടതിയുടെ സ്റ്റേ നീക്കം ചെയ്യാനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.<br><br>• പരിശോധിച്ച് വരുന്നു. |

| | | |
|---|---|---|
| | തുകയിൽ നിന്നും അർഹമായ കുടുംബ പെൻഷനും അവശത പെൻഷനും തടഞ്ഞുകൊണ്ടുള്ള ധനകാര്യ വകുപ്പിന്റെ 24.09.2022 ലെ ഉത്തരവ് പുന:പരിശോധിച്ച് തൊഴിലാളികൾക്ക് ഗുണകരമായ നിലയിൽ പുതിയ ഉത്തരവ് ഉണ്ടാകാൻ ഉള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.<br><br>• കയർ ക്ഷേമനിധി ബോർഡിലേക്കുള്ള സർക്കാർ വിഹിതം തൊഴിലാളികളുടെ വിഹിതത്തിന്റെ 50% ആക്കി ഉയർത്താനുള്ള നടപടികൾ സ്വീകരിക്കണം.<br><br>• കയർ ക്ഷേമനിധിയുടെ വരവ് ചെലവ് കണക്കുകൾ, പെൻഷനും വിരമിക്കൽ ആനുകൂല്യവും സർക്കാർ നൽകേണ്ടത് പരിശോധിച്ചാൽ 123 ലക്ഷം രൂപയുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകാനായി ബോർഡിന് 564 ലക്ഷം രൂപയുടെ ഓഫീസ് ചെലവുകൾ വരുന്നുണ്ട് എന്ന് | • കയർ ക്ഷേമനിധി ബോർഡിലേക്കുള്ള തൊഴിലാളികളുടെ വിഹിതം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു.<br><br>• പരിശോധിച്ച് വരുന്നു. |

| | | |
|---|---|---|
| | കാണാം . ഈ ഓഫീസ് ചെലവുകൾ പരാമാവധി കുറച്ച് തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്. | |
| 21. | CIRC -യുടെ വേതനം, ബോണസ്സ് (അത് നിശ്ചയിക്കുന്നതിൽ അപാകതകൾ ഉണ്ട്) ഉൽപ്പന്ന മേഖലയ്ക്ക് മാത്രമാണ് നിലവിൽ ഉളളത്. ചകിരി, കയർപിരി മേഖല CIRC-യ്ക്ക് പുറത്താണ്. കയർ ഉൽപ്പന്നങ്ങളുടെ വിലയിൽ കൂടുതൽ വർദ്ധനവ് ഉണ്ടാകാതെ, കയർ മേഖലയിലെ മറ്റ് വിഭാഗങ്ങളെയും എങ്ങനെ CIRC-യ്ക്ക് കീഴിൽ കൊണ്ടുവരുവാൻ സാധിക്കും എന്ന് അവലോകനം ചെയ്യുന്നത് ഉചിതമായിരിക്കും.<br><br>CIRC പ്രകാരമുള്ള ബോണസ്സ് വേതനം കുറഞ്ഞ തൊഴിലാളികൾക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. മാസം 15,000 – 18,000 രൂപയ്ക്ക് താഴെ വേതനം ലഭിക്കുന്ന തൊഴിലാളികൾക്ക് മാത്രമായി (സർക്കാർ ബോണസ് സീലിംഗ്) പരിമിതപ്പെടുത്താവുന്നതാണ് | ചകിരി, കയർപിരി മേഖല എന്നിവകൂടി CIRC -യുടെ പരിധിയിൽ കൊണ്ടുവരുന്ന കാര്യം തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തുടർ ചർച്ചകൾ തൊഴിൽ വകുപ്പുമായി ചേർന്ന് നടത്തി വരുന്നു. |

| | | |
|---|---|---|
| 22. | ഡോർമെന്റ് ആയ സൊസൈറ്റികളുടെ സ്ഥലവും, ഇൻഫ്രാസ്ട്രക്ച്ചറുകളും പബ്ലിക്ക്/പ്രൈവറ്റ് പാർട്ടിസിപ്പേഷൻ കൺസെപ്റ്റിൽ എക്സ്പോർട്ടേഴ്സ് അല്ലെങ്കിൽ ചെറുകിട ഉൽപ്പാദകർക്ക് കോൺട്രാക്ട്/ലീസ് വ്യവസ്ഥയിൽ നൽകാവുന്നതാണ്. ഇത്തരം പിപിയിൽ ചുരുങ്ങിയത് 200 തൊഴിലാളികൾക്കെങ്കിലും തൊഴിൽ കൊടുക്കാനുള്ള വ്യവസ്ഥ ഉണ്ടാകണം. | ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ